# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1417

14.06.2013 ലെ
മറുപടിയ്ക്ക്

## എം.എസ്.ഡി. പി. പദ്ധതി

**ചോദ്യം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
,, വി. പി. സജീന്ദ്രൻ :
,, സി. പി. മുഹമ്മദ് :
,, കെ. ശിവദാസൻ നായർ :

(എ) എം.എസ്.ഡി.പി. പദ്ധതി ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഗ്രാമീണ മേഖലയിൽ ഏതെല്ലാം മേഖലകളിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി) യും (ഡി) യും

ഉണ്ട്. പന്ത്രണ്ടാം പദ്ധതികാലത്ത് ബ്ലോക്കുകൾ, ടൗണുകൾ എന്നിവയ്ക്ക് പുറമേ വില്ലേജ് ക്ലസ്റ്ററുകൾ കൂടി ഉൾപ്പെടുത്തി എം.എസ്.ഡി.പി പദ്ധതി നടപ്പാക്കാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളത്. സാമൂഹികം, സാമ്പത്തികം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ സൂചകങ്ങളിൽ ദേശീയ ശരാശരിയെക്കാൾ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും അവിടത്തെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് എം.എസ്.ഡി.പി. പദ്ധതി. എം.എസ്.ഡി.പി പദ്ധതി നടപ്പാക്കുന്നതിനായി കേരളത്തിൽ നിന്നും 50 ബ്ലോക്കുകളുടെ ലിസ്റ്റ് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി അയക്കുകയും ആദ്യഘട്ടത്തിൽ വയനാട്ടു ജില്ലയിലെ മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, പനമരം ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും തെരഞ്ഞെടുക്കുകയും ചെയ്തു. തെരഞ്ഞെടുത്ത ബ്ലോക്കുകൾക്ക്/ ടൗണുകൾക്ക് പത്തുകോടി രൂപയുടെ വീതം പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് തയ്യാറാക്കിയ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കാനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. കേന്ദ്രസർക്കാർ അംഗീകരിക്കുന്ന മുറയ്ക്കേ പദ്ധതികൾ നടപ്പാക്കി തുടങ്ങുകയുള്ളൂ. കൂടാതെ ഓരോ ജില്ലയിൽ നിന്നും ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജ് ക്ലസ്റ്ററുകളെ തെരഞ്ഞെടുത്ത് സർക്കാരിന് സമർപ്പിക്കാൻ എല്ലാ ജില്ലാകളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ